52 (1784) കാട്ടാനക്കൂട്ടം വിള നശിപ്പിക്കുന്നതിനെതിരെ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനക്കൂട്ടം കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ കേളകം ഗ്രാമപഞ്ചായത്തിലെ 2,4,5 വാർഡുകളിലെ വിള നശിപ്പിക്കുന്നതു മൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേളകം പഞ്ചായത്തിൽ വന്യജീവി സങ്കേതത്തോട് ചേർന്നുകിടക്കുന്ന ചീങ്കണ്ണിപ്പുഴയുടെ തീരത്തുള്ള കൃഷിസ്ഥലങ്ങൾ സംരക്ഷിക്കുവാൻ ഉദ്ദേശം 3 കി.മീ. അതിർത്തിയിൽ വൈദ്യുത കമ്പിവേലി കെട്ടുവാൻ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. ഉടൻതന്നെ ജനപങ്കാളിത്തത്തോടെ ജോലി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും നഷ്ടപരിഹാരത്തിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും നിയമപ്രകാരം അർഹതപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിന് അപ്പോഴപ്പോൾ നടപടി സ്വീകരിക്കുന്നുണ്ട്.

53 (1785) എക്സ്പോർട്ട് ടൈസ് തേക്ക് തടികൾ പ്രത്യേക പരസ്യമില്ലാതെ വിറ്റ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലി ഫോറസ്റ്റ് റെയിഞ്ചിൽ കേസിൽപ്പെട്ട തടിയോടൊപ്പം എക്സ്പോർട്ട് ടൈസ് തേക്കുതടികൾ പ്രത്യേക പരസ്യം ഇല്ലാതെ ക്രമവിരുദ്ധമായി വിറ്റത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വെട്ടിപ്പ് സംബന്ധിച്ച് വനം വകുപ്പ് ജീവനക്കാരൻ സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ആരോപണവിധേയമായ 16.3.1999-ലെ ലേലം സംബന്ധിച്ച് എല്ലാ നടപടികളും നിർത്തിവച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ 19.6.1999-ൽ സർക്കാരിൽനിന്നും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം പ്രസ്തുത ലേലം സംബന്ധിച്ച പരാതിയെപ്പറ്റി വിശദമായ അന്വേഷണത്തിനും റിപ്പോർട്ടിനു

LIBRARY ARCHIVES Kerala Legislative Assembly